# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 24-11-2024**

### പ്രധാനവാർത്തകൾ

1. രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത കുടുംബങ്ങളിലെ യുവാക്കൾ രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരണമെന്ന് മൻ കി ബാത്തിന്റെ 116-ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. പാർലമെൻ്റിൻ്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കമാകും. ഏത് വിഷയവും ചർച്ച ചെയ്യാൻ തയ്യാറെന്ന് കേന്ദ്ര സർക്കാർ.

3. അർഹരായവർക്ക് റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിനുള്ള അപേക്ഷ നാളെ മുതൽ സ്വീകരിക്കും.

4. ശബരിമലയിൽ 9 ദിവസത്തിനിടെ തീർത്ഥാടനം നടത്തിയവരുടെ എണ്ണം ആറ് ലക്ഷം കടന്നതായി തിരുവിതാംകൂർ ദേവസ്വം ബോർഡ്.

5. സന്തോഷ് ട്രോഫി ഫുട്ബോൾ യോഗ്യത മത്സരത്തിൽ പുതുച്ചേരിയെ തകർത്ത് കേരളം ഫൈനൽ റൗണ്ടിൽ.

6. ബോർഡർ ഗാവസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 534 റൺസ് വിജയലക്ഷ്യം

&&&&&&&&&&&&&&

മൻകി ബാത്-യുവാക്കൾ (ഇൻട്രോ)

രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത കുടുംബങ്ങളിലെ യുവാക്കൾ രാഷ്ട്രീയ രംഗത്തേക്ക് കടന്നുവരണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻ്റെ 116-ാമത് പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ രാജ്യത്ത് ഒരു ലക്ഷം യുവാക്കളെ രാഷ്ട്രീയരംഗവുമായി ബന്ധിപ്പിക്കുന്നതിന് പ്രത്യേക പ്രചാരണ പരിപാടികൾ നടത്തുമെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ്- വോയ്സ്)

സ്വാമി വിവേകാനന്ദൻ്റെ 162-ാം ജന്മവാർഷികത്തിൽ 'വികസിത് ഭാരത് യുവ നേതൃസംഗമം ഡൽഹിയിൽ സംഘടിപ്പിക്കുമെന്ന് ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&

## മൻ കി ബാത്-എൻ സി സി

എൻസിസിയിൽ പെൺകുട്ടികളുടെ പ്രവേശനം 25 ശതമാനത്തിൽ നിന്ന് 40 ശതമാനമായി ഉയർന്നതിൽ പ്രധാനമന്ത്രി സംതൃപ്തി രേഖപ്പെടുത്തി. എൻസിസി കേഡറ്റായിരുന്ന നാളുകൾ വിവരിച്ചുകൊണ്ട്, യുവാക്കളിൽ അച്ചടക്കത്തിൻ്റെയും നേതൃത്വത്തിൻ്റെയും സേവനത്തിൻ്റെയും മനോഭാവം നാഷണൽ കേഡറ്റ് കോർപ്സ് വളർത്തിയെടുക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## മൻ കി ബാത്- "ഏക് പേട് മാ കേ നാം"

"ഏക് പേട് മാ കേ നാം" യജ്ഞം അഞ്ച് മാസത്തിനുള്ളിൽ 100 കോടി മരങ്ങൾ നട്ടുപിടിപ്പിക്കുക എന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടതായി പ്രധാനമന്ത്രി മോദി മൻ കി ബാത്തിൽ പരാമർശിച്ചു. രാജ്യത്തിനകത്തും പുറത്തുമുള്ള

നിരവധിപേർ ഈ യജ്ഞത്തിൽ പങ്കെടുത്തതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&

ശീതകാല സമ്മേളനം

പാർലമെൻ്ററിൻ്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കമാകും. സമ്മേളനത്തിൽ ഏത് വിഷയവും ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്ന് പാർലമെൻ്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ന്യൂഡൽഹിയിൽ സർക്കാർ വിളിച്ചുചേർത്ത സർവകക്ഷി യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു സഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ പ്രതിപക്ഷ പാർട്ടികളോട് അദ്ദേഹം അഭ്യർത്ഥിച്ചു. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങിൻ്റെ അധ്യക്ഷതയിലാണ് യോഗം നടന്നത്.

&&&&&&&&&&&&&&

പ്രിയങ്ക - സത്യപ്രതിജ്ഞ

വയനാട് ലോക്സഭാ മണ്ഡലത്തിൽ നിന്നും വിജയിച്ച നിയുക്ത എം പി പ്രിയങ്കാ ഗാന്ധിയുടെ സത്യപ്രതിജ്ഞ നാളെ നടക്കും. ശീതകാല സമ്മേളനം ആരംഭിക്കുന്നതിനോടൊപ്പമാണ് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കുക.

&&&&&&&&&&&&&&

ശബരിമല - തിരക്ക്

മണ്ഡല മകരവിളക്ക് മഹോത്സവത്തിന് ശബരിമല നട തുറന്ന് ഒമ്പത് ദിവസം പൂർത്തിയാകുമ്പോൾ 6,12,290 തീർത്ഥാടകർ ദർശനം നടത്തി. 41 കോടി 64

ലക്ഷത്തിലധികം രൂപയുടെ വരുമാനം ലഭിച്ചതായും തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ് പ്രശാന്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

&&&&&&&&&&&&&&

## പ്രഭാഷണ പരമ്പര-ആകാശവാണി

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പരയിലെ ആറാമത്തെ പരിപാടി ഇന്ന് നടന്നു. തിരുവനന്തപുരം ആറാലുംമൂട് പുത്തനമ്പലം എസ്.എൻ.ഡി.പി. ഹാളിൽ നടന്ന കഥയരങ്ങിൽ സമകാലിക കഥാകൃത്തുക്കൾ പങ്കെടുത്തു. എഴുത്തുകാരനും ചലച്ചിത്ര നാടകപ്രവർത്തകനുമായ പ്രൊഫ. വി. അലിയാർ 'നാടകം ജീവിതം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.

&&&&&&&&&&&&&&

## റേഷൻ കാർഡ്

ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത കുടുംബങ്ങളുടെ വെള്ള, നീല പൊതുവിഭാഗം-റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിനുള്ള അപേക്ഷ നാളെ മുതൽ സ്വീകരിക്കും. ബന്ധപ്പെട്ട രേഖകൾ സഹിതം അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഡിസംബർ 10 വരെ അപേക്ഷ നൽകാനാകും.

&&&&&&&&&&&&&&

## സഹകരണ സമ്മേളനം-ന്യൂഡൽഹി

അന്താരാഷ്ട്ര സഹകരണ സഖ്യത്തിൻ്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന ആഗോള സഹകരണ സമ്മേളനം നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും. ഐ സി എയുടെ 130 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഇന്ത്യയിൽ ആഗോള സഹകരണ സമ്മേളനം സംഘടിപ്പിക്കുന്നത്.

**&&&&&&&&&&&&&&**

## കയാക്കിങ്ങ് ചാമ്പ്യൻഷിപ്പ് (ഇൻട്രോ)

കണ്ണൂരിൽ നടന്ന ദേശീയ കയാക്കിങ് ചാമ്പ്യൻഷിപ്പിൽ പുരുഷ സിംഗിൾസിൽ രജീഷ് കുളങ്ങരയും വനിതാ സിംഗിൾസിൽ ഇ. സ്വാലിഹയും ചാമ്പ്യന്മാരായി.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ ...

(വോയിസ്)

**&&&&&&&&&&&&&&**

## ടെസ്റ്റ് ക്രിക്കറ്റ്

പെർത്തിൽ നടക്കുന്ന ഇന്ത്യ- ഓസ്ട്രേലിയ ടെസ്റ്റ് മത്സരത്തിന്റെ മൂന്നാം ദിവസം കളി അവസാനിക്കുമ്പോൾ ഓസ്ട്രേലിയ രണ്ടാം ഇന്നിങ്സിൽ 3 വിക്കറ്റ് നഷ്ടത്തിൽ 12 റൺ എന്ന നിലയിൽ. ഇന്ത്യ ഉയർത്തിയ 534 റൺ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ ഓസീസിന് ജയിക്കാൻ ഇനി 522 റൺ ആവശ്യമാണ്.

**&&&&&&&&&&&&&&**

## സന്തോഷ് ട്രോഫി-കോഴിക്കോട് (ഇൻട്രോ)

സന്തോഷ് ട്രോഫി യോഗ്യത മത്സരത്തിൽ കേരളം ഫൈനൽ റൗണ്ടിൽ. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ പുതുച്ചേരിക്കെതിരെ ആധികാരിക വിജയത്തോടെയാണ് കേരളത്തിൻറെ ഫൈനൽ യോഗ്യത.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.......

(ഹോൾഡ് - വോയിസ്)

&&&&&&&&&&&&&&

## ഐ എഫ് എഫ് ഐ - ഗോവ

55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലചിത്ര മേളയുടെ ഭാഗമായി യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിച്ച creative minds of tomorrow പരിപാടിയുടെ ഫലം പ്രഖ്യാപിച്ചു. മികച്ച ചിത്രത്തിനുള്ള അവാർഡ് ടീം ഗ്രീനിൻറെ ഗുല്ലു എന്ന ചിത്രം നേടി. അഞ്ച് ലക്ഷം രൂപയാണ് സമ്മാനത്തുക.

&&&&&&&&&&&&&&

## ഡെലിഗേറ്റ് രജിസ്ട്രേഷൻ

29-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ നാളെ ആരംഭിക്കും. registration.iffk.in എന്ന വെബ്സൈറ്റിലൂടെയും ടാഗോർ തിയേറ്ററിൽ സജ്ജീകരിച്ചിട്ടുള്ള ഡെലിഗേറ്റ് സെൽ വഴി നേരിട്ടും രജിസ്ട്രേഷൻ നടത്താം.

&&&&&&&&&&&&&&

## ഭക്ഷ്യ സുരക്ഷ പരിശോധന-ആരോഗ്യമന്ത്രി

വടക്കൻ കേരളത്തിൽ കാറ്ററിംഗ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ്. കോഴിക്കോട്, മലപ്പുറം കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ കാറ്ററിംഗ് യൂണിറ്റുകളിലാണ് വ്യാപക പരിശോധനകൾ നടത്തിയത്.

&&&&&&&&&&&&&&

വികസിത് ഭാരത് യുവ നേതൃ സംഗമം-നെഹ്റു യുവ കേന്ദ്ര

ദേശീയ യുവജനോത്സവത്തിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യുവ നേതൃ സംഗമത്തിനായുള്ള രജിസ്ട്രേഷൻ നാളെ ആരംഭിക്കും. 15 - 29 വയസ്സുവരെ പ്രായമുള്ള യുവതീ യുവാക്കൾക്കു മൈ ഭാരത് പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർ മൽസരങ്ങളിലേക്ക് യോഗ്യത നേടാം. യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരിട്ട് സംവദിക്കാനും ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനുമുള്ള അവസരം ലഭിക്കും.

&&&&&&&&&&&&&&

വിവരാവകാശ കമ്മീഷൻ -സമൻസ്

സർക്കാർ ഓഫീസുകളിൽ ഫയൽ കാണാതാകുന്നത് ക്രിമിനൽ കുറ്റമാണെന്നും പൊതുരേഖാ നിയമ പ്രകാരം 5 വർഷം വരെ ജയിൽ ശിക്ഷയും പതിനായിരം രൂപ മുതൽ പിഴയും ലഭിക്കാമെന്നും സംസ്ഥാന വിവരാവകാശ കമ്മീഷണർ എ.അബ്ദുൽ ഹക്കീം. വിവരാവകാശ അപേക്ഷ

ലഭിക്കും വരെ ഓഫീസിൽ ഉണ്ടായിരുന്ന ഫയൽ അപേക്ഷ ലഭിച്ചാലുടൻ കാണാതാകുന്ന സംഭവങ്ങൾ ഉണ്ടെന്നും അത്തരം ചില കേസുകൾ കമ്മീഷന്റെ പരിഗണനയിലാണെന്നും അദ്ദേഹം വിശദമാക്കി. . ഹിയറിംഗിന് ഹാജരാകാതിരുന്ന ആറ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന വിവരാവകാശ കമ്മീഷൻ സമൻസ് അയച്ചു.

&&&&&&&&&&&&&&

&&&&&&&&

&&&&